ഗുരുമാർഗം

ഈ പ്രപഞ്ചത്തെ ഇങ്ങനെ അറിയുന്നതിന് മുമ്പ് ഇതു ശുദ്ധമായ അറിവ് അഥവാ ബോധം തന്നെയായിരുന്നു എന്നറിയേണ്ടതാണ്. അറിവിൽപ്പെടാത്ത പദാർത്ഥം ഏതാണ് അങ്ങനെയൊന്നില്ല.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

മകം 02 - 53
പൂരം 55 - 37
പ്രഥമ 27 - 03
1940 ഫാൽഗുനം 01
1440 ജമാദുൽ ആഖിർ 16
1194 കുംഭം 08

കേരളം ഒറ്റക്കെട്ടായി മുന്നേറിയ ആയിരം ദിനങ്ങൾ

പിണറായി വിജയൻ
മുഖ്യമന്ത്രി

2016 മേയ് 25 ന് അധികാരത്തിലേറിയ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആയിരം ദിവസം പൂർത്തിയാക്കിയിരിക്കുകയാണ്. അന്ന് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ച സമയത്ത് പ്രകടന പത്രികയിലൂടെ കേരളീയർക്ക് ചില വാഗ്ദാനങ്ങൾ നൽകിയിരുന്നു. അഞ്ചുവർഷങ്ങൾക്കൊണ്ട് നടപ്പാക്കേണ്ട അവയിൽ മിക്കവാറും എല്ലാംതന്നെ രണ്ടേമുക്കാൽ വർഷംകൊണ്ട് നടപ്പാക്കാൻ സാധിച്ചു എന്നതാണ് ഈ ഘട്ടത്തിൽ ഏറ്റവും സന്തോഷം പകരുന്ന വസ്തുത. വാഗ്ദാനങ്ങൾ നിറവേറ്റിയ സർക്കാർ നവകേരള നിർമാണഘട്ടത്തിലേക്ക് കടക്കുമ്പോഴാണ് മുന്നാം വാർഷികമെത്തുന്നത്.

സമഗ്ര വികസനം

സർവതലസ്പർശിയും സാമൂഹ്യനീതിയിൽ അധിഷ്ഠിതമായതുമായ സമഗ്ര വികസനം യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ശ്രമിച്ചത്. എന്നാൽ അതേസമയം വികസനപ്രവർത്തനങ്ങൾ പ്രകൃതിക്ക് ഭംഗം വരാത്ത വിധത്തിൽ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തു. ഹ്രസ്വകാലാടിസ്ഥാനത്തിൽ ജനങ്ങൾക്ക് ആശ്വാസമേകുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിന് അടിത്തറയൊരുക്കുന്നതുമായ ദ്വിമുഖ തന്ത്രമാണ് സർക്കാർ അവലംബിച്ചത്. അഴിമതിരഹിത-മതനിരപേക്ഷ-വികസിത കേരളം എന്ന മുദ്രാവാക്യം ഉയർത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണി രൂപീകരിച്ച സർക്കാർ അക്ഷരാർത്ഥത്തിൽ ആ മൂല്യങ്ങൾ സാമൂഹ്യജീവിതത്തിന്റെ സമസ്തതലങ്ങളിലും യാഥാർത്ഥ്യമാക്കുന്നതാണ് കഴിഞ്ഞ ആയിരം ദിനങ്ങളിൽ നാം കണ്ടത്.

പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ എത്രത്തോളം നടപ്പിലാക്കി എന്ന് പരിശോധിക്കുന്ന പ്രോഗ്രസ് റിപ്പോർട്ട് കഴിഞ്ഞ രണ്ടു വർഷങ്ങളിലും ജനങ്ങൾക്കു മുമ്പാകെ സർക്കാർ അവതരിപ്പിച്ചു. മൂന്നാം വർഷവും പ്രോഗ്രസ് റിപ്പോർട്ട് പുറത്തിറക്കും. ഇന്ത്യയിൽ ആദ്യമായാണ് ഒരു സർക്കാർ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പിലാക്കി എന്നത് പൊതുജനസമക്ഷം അവതരിപ്പിക്കുന്നത്. ജനങ്ങളോട് ഉത്തരവാദിത്തമുള്ള സർക്കാർ എന്ന നിലയിലാണ് ഇത് ചെയ്തത്. തിരഞ്ഞെടുപ്പു വാഗ്ദാനങ്ങൾ പാലിക്കാനുള്ള തല്ല എന്ന് രാജ്യം ഭരിക്കുന്നവർ തന്നെ കരുതുന്ന പശ്ചാത്തലത്തിലാണ് കേരള സർക്കാർ ഇത്തരത്തിൽ വ്യത്യസ്തവും മാതൃകാപരവുമായ മുൻകൈ എടുക്കുന്നത്. സാമൂഹിക മേഖലകളിലെ നമ്മുടെ നേട്ടങ്ങൾ ശക്തിപെടുത്തിത്തന്നെ അടിസ്ഥാന സൗകര്യ മേഖലയിലും പുത്തൻ വളർച്ചാ മേഖലകളിലും ഒരു കുതിച്ചു ചാട്ടം നടത്താനാണ് ലക്ഷ്യമിട്ടത്. കഴിഞ്ഞ ആയിരം ദിവസം കൊണ്ട് അത് സാധ്യമാക്കാൻ വേണ്ട ഭൗതിക സാഹചര്യം ഒരുക്കാൻ നമുക്കു കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല.

35 ഇന പരിപാടികൾ നടപ്പാക്കി

പ്രകടന പത്രികയിൽ നാം പ്രധാനമായും അവതരിപ്പിച്ച 35 ഇന പരിപാടികളെല്ലാം തന്നെ ഏകദേശം പൂർത്തിയാക്കാൻ 1000 ദിവസം കൊണ്ട് കഴിഞ്ഞു. അടിസ്ഥാന സൗകര്യ മേഖലയ്ക്കാണ് നാം മുൻതൂക്കം നൽകിയത്. ഹൈവേ വികസനം, മലയോര പാത, തീരദേശ പാത, ഗെയ്ൽ പൈപ്പ് ലൈൻ, എൽ.എൻ.ജി ടെർമിനൽ, കൊച്ചി മെട്രോ, വാട്ടർ മെട്രോ, നാഷണൽ വാട്ടർ വേ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം തുടങ്ങിയവയൊക്കെ ഏറ്റെടുത്തു നടപ്പിലാക്കാനാണ് ശ്രദ്ധിച്ചത്. ഏതു സർക്കാരിനും അസാദ്ധ്യമായത് എന്ന് പല സാമൂഹ്യ-രാഷ്ട്രീയ നിരീക്ഷകരും എഴുതിത്തള്ളിയ പദ്ധതികളായിരുന്നു ഇതിൽ പലതും. എല്ലാ പ്രതിപക്ഷഘടകങ്ങളെയും രാഷ്ട്രീയ ഇച്ഛാശക്തിയോടെ അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ മറികടന്ന് അസാദ്ധ്യമായതിനെ സാധ്യമാക്കുകയായിരുന്നു സർക്കാർ.

നാലു മിഷനുകൾ

അതിനോടൊപ്പം കേരളത്തിന്റെ മുഖച്ഛായ മാറ്റാനുതകുന്ന നാലു മിഷനുകൾ - ആർദ്രം, ലൈഫ്, ഹരിത കേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - വിജയകരമായി നടപ്പാക്കി. ആരോഗ്യ മേഖലയിലെ ഇടപെടലുകൾ നിപ വൈറസ് പോലുള്ളവയെ ഫലപ്രദമായി അതിജീവിക്കാൻ നമ്മെ പ്രാപ്തരാക്കി. സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ജില്ലാ-താലൂക്ക് ആശുപത്രികളിൽ വരെ ലഭ്യമാക്കി. രണ്ടു വർഷം കൊണ്ട് മൂന്നൊകാൽ ലക്ഷം കുട്ടികൾ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതുതായി ചേരുന്നവിധം വിദ്യാഭ്യാസ മേഖലയെ നവീകരിച്ച് പൊതുസമൂഹത്തിന് സ്വീകാര്യവും പുതിയകാലത്തിന് ചേരുന്നതുമാക്കി. പച്ചക്കറി, പാൽ, മുട്ട എന്നിവയിൽ സ്വയം പര്യാപ്തതയിലേക്ക് അടുക്കുന്ന സ്ഥിതിയും ഉണ്ടായി. സർക്കാർ കാലാവധി പൂർത്തിയാക്കുമ്പോൾ കേരളത്തിൽ ഭവനരഹിതരായി ആരും തന്നെ ഉണ്ടാവുകയില്ല എന്ന വിധത്തിൽ ഭവന നിർമ്മാണ മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിച്ചു. സംസ്ഥാനത്തെയാകെ വെളിയിട വിസർജ്ജന വിമുക്തമാക്കാനും നൂറു ശതമാനം വൈദ്യുതീകരണം സാധ്യമാക്കാനും നമുക്ക് കഴിഞ്ഞു.

തൊഴിലുകൾ

നമ്മുടെ ചെറുപ്പക്കാർക്ക് ആവശ്യമായ തൊഴിലുകൾ കേരളത്തിൽ തന്നെ ഉണ്ടാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനനുകൂന്ന വിധത്തിൽ ഐ.ടി മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനായി ഐ.ടി പാർക്കുകളിലെ വിസ്തീർണം ഒരു കോടി ചതുരശ്ര അടിയായി ഉയർത്താൻ ലക്ഷ്യമിട്ടിരുന്നു. അതിന്റെ പകുതിയോളം ഇതിനോടകം വർധിപ്പിച്ചു. നിസ്സാൻ, ഫുജിറ്റ്സു തുടങ്ങിയ കമ്പനികൾ കേരളത്തിൽ വന്നു എന്നത് വലിയ നേട്ടമാണ്. സ്റ്റാർട്ടപ്പുകൾക്ക് പ്രയോജനപ്രദമായ ലോകത്തിലെ ഏറ്റവും വലിയ സ്ഥാപനം കേരളത്തിൽ യാഥാർത്ഥ്യമാവുന്നു എന്നത് ഈ മേഖലയിൽ ഉണ്ടായിട്ടുള്ള കുതിച്ചു ചാട്ടത്തിന്റെ ഉദാഹരണമാണ്. പുതിയ തൊഴിലുകൾ സൃഷ്ടിക്കാൻ കഴിയത്തക്ക വിധം പൊതുമേഖലയെയും പരമ്പരാഗത മേഖലയെയും ശക്തിപെടുത്തുന്ന നടപടികളുമുണ്ടായി. ഒറ്റവർഷം കൊണ്ടു തന്നെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒട്ടേറെ എണ്ണത്തെ ലാഭത്തിലാക്കി എന്നതും കേന്ദ്രം അടച്ചുപൂട്ടുന്ന കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്തു എന്നതും കയർ, കൈത്തറി, ഖാദി, കശുവണ്ടി തുടങ്ങിയ വ്യവസായങ്ങളെ പുനരുജ്ജീവിപ്പിച്ചു എന്നതും എടുത്തു പറയേണ്ട നേട്ടങ്ങളാണ്.

സാമൂഹ്യ ക്ഷേമം

നവഉദാരവത്കരണ നയങ്ങളുടെ ഫലമായി സാമൂഹ്യ ക്ഷേമ മേഖലകളിൽ നിന്ന് സർക്കാരുകൾ പിൻവാങ്ങുന്ന സാഹചര്യത്തിൽ പോലും രാജ്യത്തിനു തന്നെ മാതൃകയാകത്തക്ക വിധത്തിൽ പ്രതിമാസം 1200 രൂപ എന്ന ഉയർന്ന നിരക്കിൽ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ ശ്രദ്ധിച്ചത് ഇടതുപക്ഷം ജനപക്ഷമാണ് എന്നതിന്റെ ഉത്തമ ഉദാഹരണമാണ്. സ്ത്രീകളുടെ പ്രശ്നങ്ങൾ സവിശേഷമായി കൈകാര്യം ചെയ്യാൻ അവർക്കായി ഒരു പ്രത്യേക വകുപ്പ് ആരംഭിച്ചു.അതോടൊപ്പം അവരുടെ സുരക്ഷ മുൻനിറുത്തി പിങ്ക് പട്രോളും ഷീ-ലോഡ്ജും യാഥാർത്ഥ്യമാക്കി. ട്രാൻസ്ജെൻഡറുകൾക്കായി ഒരു പ്രത്യേക നയം നടപ്പിലാക്കി. അംഗപരിമിത സൗഹൃദമാക്കി പൊതുഇടങ്ങളെ മാറ്റാൻ ശ്രമിക്കുന്നതും ദളിത് വിഭാഗങ്ങളിലുൾപ്പെടെയുള്ള പിന്നാക്കക്കാരെ ദേവസ്വം ബോർഡ് അമ്പലങ്ങളിൽ ശാന്തിക്കാരായി നിയമിക്കാനും കഴിഞ്ഞു എന്നതും ഒരു ലക്ഷത്തിലധികം പേർക്ക് പട്ടയം നൽകി എന്നതും എല്ലാ വിഭാഗം ജനങ്ങളെയും വികസനത്തിന്റെ ഭാഗമാക്കുന്നതും ദുർബലവിഭാഗങ്ങളെ പ്രത്യേകമായി കരുതുന്നതുമായ വികസന ഇടപെടലുകളാണ് സർക്കാർ നടത്തിയത് എന്നാണ് വ്യക്തമാക്കുന്നത്.

പരിസ്ഥിതി സൗഹൃദം

സോളാർ പോലെയുള്ള പാരമ്പര്യേതര ഊർജ്ജത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പരിസ്ഥിതി സൗഹൃദ വികസന മാതൃകകൾ അവലംബിക്കുകയാണ് നാം. ഇലക്ട്രിക് വാഹനങ്ങളുടെ ഉത്പാദനരംഗത്ത് കേരളം പുതിയ ചുവടുവയ്പ്പ് നടത്തുകയാണ്. ഹാർഡ് വെയർ ഉത്പാദന സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സ്വന്തം കമ്പ്യൂട്ടർ വിപണിയിലെത്തുകയാണ്. വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ലൈഫ് സയൻസസ് പാർക്ക് എന്നിവ യാഥാർത്ഥ്യമാകുന്നത് അറിവിലധിഷ്ഠിതമായ പുതിയ സാധ്യതകൾ തുറന്നു വയ്ക്കുന്നു.

കേരളാ ബാങ്ക്

നമ്മുടെ നാട്ടിൽ ശക്തമായ സഹകരണ മേഖലയുണ്ട്. കേരള ബാങ്ക് ഈ വർഷം യാഥാർഥ്യമാവുന്നതോടെ സംസ്ഥാനത്തിന്റെ പൊതു വികസനവുമായി സംസ്ഥാനത്തെ സഹകരണ മേഖലയെയും കേരളത്തിലെ ജനങ്ങളെ ആകെയും കൂടുതൽ ബന്ധിപ്പിക്കാനാവും. കേരളത്തിന്റെ സമ്പദ്ഘടനയിൽ കാതലായ മുന്നേറ്റം സൃഷ്ടിക്കാൻ കഴിയുക ഉത്പാദന മേഖലകളിലെ ഇടപെടലുകളിൽ കൂടിയാണ്. ഇവിടെ ഏറ്റവുമധികം സാധ്യതയുള്ളത് കാർഷിക ഉത്പന്നങ്ങളുടെയും സമുദ്ര ഉത്പന്നങ്ങളുടെയും മറ്റും മൂല്യവർധനവിലൂടെയാണ്. അതോടൊപ്പം കേരളത്തിലെ കമ്പോളത്തിനു വേണ്ടി ഉത്പാദിപ്പിക്കുന്നതിലൂടെയുമാണ്. ആ മേഖലകളിൽ ഊന്നിയാൽ മാത്രമേ നമുക്കാവശ്യമായ തൊഴിലവസരങ്ങൾ തദ്ദേശീയമായി ലഭ്യമാക്കാൻ കഴിയുകയുള്ളൂ. അതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്.

പുനർനിർമാണം

പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടാനും പ്രതിസന്ധികളിൽ തളരാത്തവണ്ണം കേരള സമൂഹത്തിന് ഒറ്റക്കെട്ടായി നിൽക്കാനും കഴിഞ്ഞു എന്നതാണ് കഴിഞ്ഞ ആയിരം ദിനങ്ങളിലെ നമ്മുടെ ഏറ്റവും വലിയ നേട്ടം. ഒരു നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയക്കെടുതിയെയാണ് കഴിഞ്ഞ കാലവർഷത്തിൽ കേരളം അതിജീവിച്ചത്. അതേത്തുടർന്നുള്ള പുനർനിർമാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. കേരളത്തിന്റെ പുനർനിർമാണം എന്ന അതിബൃഹത്തായ സമാനതകളില്ലാത്ത കടമ പൂർണതോതിൽ പൂർത്തിയാക്കാൻ രണ്ടുമുതൽ മൂന്നുവർഷം വരെ വേണ്ടിവരും. ഒത്തൊരുമയോടെ നാം മുന്നേറിക്കൊണ്ടിരുന്ന ഈ ഘട്ടത്തിൽ നമ്മുടെ ഒരുമയെ തകർക്കാനും മതനിരപേക്ഷതയെ വെല്ലുവിളിക്കാനും പതിനെട്ടാം നൂറ്റാണ്ടിന്റെ ദുരാചാരങ്ങളുടെ അന്ധകാരത്തിലേക്ക് കേരളത്തെ മടക്കിക്കൊണ്ടുപോകാനും ആസൂത്രിത ശ്രമങ്ങൾ നടന്നു. എന്നാൽ, കേരളജനത അത്തരം ശ്രമങ്ങളെ തള്ളിക്കളയുന്നതാണ് നാം കണ്ടത്. ആ പ്രക്രിയയ്ക്ക് ചാലകശക്തിയായി നിന്ന് നവോത്ഥാനത്തിന്റെ പുതുതുടർച്ചകൾ സാധ്യമാക്കാൻ കഴിഞ്ഞു. വർഗീയ ശക്തികൾക്കെതിരെ കേരള സമൂഹത്തിന്റെയാകെ ചെറുത്തുനില്പാണ് ഭാവിയിലും നമ്മെ പുരോഗതിയുടെ പാതയിൽ മുന്നോട്ടു കൊണ്ടുപോകുക.

പ്രതികൂല ഘടകങ്ങളുടെ മലവെള്ളപ്പാച്ചിൽ തന്നെ ഉണ്ടായ ഒരു ഘട്ടത്തിലാണ്, അവയെ മറികടന്ന് കേരളം അഭിമാനകരമായ നേട്ടങ്ങൾ ഈ രണ്ടേമുക്കാൽ വർഷക്കാലയളവിൽ കൈവരിച്ചത്. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രകൃതിദുരന്തം, സാമൂഹ്യക്ഷേമ മേഖലകളെ കൈയൊഴിക്കാൻ നിർബന്ധിക്കുന്ന കേന്ദ്ര സാമ്പത്തിക നയം, സംസ്ഥാന താൽപര്യങ്ങളോട് അവഗണന കാട്ടുന്ന കേന്ദ്രസമീപനങ്ങൾ, നോട്ടുനിരോധനം, പ്രകൃതിദുരന്തത്തിന് അർഹമായ സഹായം നിഷേധിക്കൽ, കേരളത്തിന്റെ ന്യായമായ അവകാശങ്ങൾ നിരാകരിക്കൽ തുടങ്ങിയ എത്രയോ അധികമായിരുന്നു പ്രതികൂലഘടകങ്ങൾ. അവയ്ക്കു കടപ്പുഴക്കാൻ വിട്ടുകൊടുക്കാതെ കേരളത്തിന്റെ താത്പര്യങ്ങളെ ഒരു തിരിനാളത്തെ കൈകുമ്പിളിലെന്ന പോലെ കാത്തുരക്ഷിക്കുകയായിരുന്നു എൽ.ഡി.എഫ് സർക്കാർ. ആ പ്രക്രിയയിൽ ആഗോളവത്കരണ-ഉദാരവത്കരണ നയങ്ങൾക്ക് ബദലില്ല എന്ന ലോകമുതലാളിത്തത്തിന്റെ വാദത്തെ പൊളിച്ചടുക്കുംവിധമുള്ള ഒരു ബദൽ മാതൃക ഉയർത്തിക്കാട്ടുക കൂടിയായിരുന്നു. ഈ വഴിയേ നാട് ഇനിയും മുന്നോട്ടുപോകും. പുതിയ ഒരു കേരളത്തെ പടുത്തുയർത്തും.

വിശ്വാസം പകരുന്ന ഭരണ നേട്ടങ്ങൾ

അഞ്ചുവർഷ കാലാവധിയുള്ള ഒരു സർക്കാരിന്റെ ആദ്യത്തെ ആയിരം ദിനങ്ങൾ തീർച്ചയായും ഏറെ പ്രത്യേകതകൾ ഉൾക്കൊള്ളുന്നവയാകും. ലക്ഷ്യങ്ങളും നേട്ടങ്ങളുമൊക്കെ തെളിഞ്ഞു കാണാവുന്നവയാകും ഈ ദിനങ്ങൾ. 2016 മേയ് 25-ന് അധികാരമേറ്റ പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ മുന്നണി സർക്കാർ ഈ സുപ്രധാന നാഴികക്കല്ലെ പിന്നിടുമ്പോൾ നിരത്തിവയ്ക്കാനും അവകാശപെടാനുമുള്ള വക ഏറെയുണ്ട്. തിരഞ്ഞെടുപ്പുകാലത്ത് നൽകിയ വാഗ്ദാനങ്ങളിൽ പലതും നിറവേറ്റാൻ കഴിഞ്ഞിട്ടുണ്ട്. ഉറച്ച നിലപാടുകളുടെ പേരിൽ ഏറെ വിമർശനം നേരിടേണ്ടി വരുന്ന ഒരു സർക്കാരാണിത്. ഈ ഉറച്ച നിലപാടുകളിലൂടെ സംസ്ഥാനത്തിന് ഒട്ടേറെ നേട്ടങ്ങളുണ്ടാക്കാനും കഴിഞ്ഞുവെന്നതാണ് പിണറായി സർക്കാരിനെ വ്യത്യസ്തമാക്കുന്നത്. അസാദ്ധ്യമെന്നു കരുതിപ്പോന്ന പല വൻകിട പദ്ധതികളും ഏറ്റെടുക്കാൻ സാധിച്ചത് വികസന പദ്ധതികളുടെ കാര്യത്തിൽ വിട്ടുവീഴ്ചകളില്ലാത്ത നയസമീപനങ്ങൾ പിന്തുടരുന്നതിന്റെ തെളിവാണ്. ക്ഷിപ്രവേഗത്തിലുള്ള മാറ്റങ്ങളാണ് വികസനത്തിന്റെ ആണിക്കല്ലെന്ന് വാദിക്കാമെങ്കിലും സംസ്ഥാനത്തെ സവിശേഷമായ രാഷ്ട്രീയ - സാമൂഹിക സാഹചര്യങ്ങൾ വച്ചു നോക്കുമ്പോൾ പിണറായി സർക്കാരിന് ഏറെ അഭിമാനിക്കാൻ കഴിയുന്ന ഒരു കാലയളവാണ് കഴിഞ്ഞുപോയതെന്നു പറയാം. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ പലതും ഇതിനകം നടപ്പാക്കാനായത് അഭിമാനം പകരുന്ന സംഗതിയാണ്.

അപ്രതീക്ഷിതമായുണ്ടായ മഹാപ്രളയം സൃഷ്ടിച്ച പ്രതികൂല സാഹചര്യങ്ങൾ സംസ്ഥാനത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനെ പിടിച്ചുനിറുത്തിയെന്നത് പറയാതിരിക്കാനാവില്ല. എന്നാൽ ഈ പ്രതിസന്ധി പുതിയൊരു കേരളത്തിന്റെ പുനർ നിർമ്മിതിക്കായി മാറ്റിയെടുക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുവരുന്നത്. പ്രളയാനന്തര ഘട്ടത്തെ നേരിടുന്നതിൽ ചില വീഴ്ചകളൊക്കെ ഉണ്ടായെങ്കിലും ഈ അസാധാരണ സാഹചര്യം സംസ്ഥാനം ഒറ്റക്കെട്ടായി ധീരമായി നേരിട്ടു എന്നതാണ് എടുത്തു പറയേണ്ട കാര്യം.

അടിസ്ഥാന വികസന മേഖലയിലെ പുരോഗതിയിലാണ് സംസ്ഥാനത്തിന്റെ അഭിവൃദ്ധി കുടികൊള്ളുന്നത്. മുടങ്ങിക്കിടന്ന ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം, മലയോര - തീരദേശ പാതകൾ, എൽ.എൻ.ജി ടെർമിനൽ തുടങ്ങിയ വമ്പൻ പദ്ധതികൾ പുനരാരംഭിക്കാൻ സഹായിച്ചത് മുഖ്യമന്ത്രി പിണറായിയുടെ ഉറച്ച നിലപാടുകളാണ്. പുതുതായി വന്ന കണ്ണൂർ എയർപോർട്ടും കൊച്ചി മെട്രോയും അനന്തസാദ്ധ്യതകളാവും തുറന്നിടുക. വ്യവസായ രംഗത്തും പ്രതീക്ഷയേകുന്ന ഒട്ടേറെ പുതിയ സംരംഭങ്ങൾ തൊഴിലന്വേഷകരെ കാത്തിരിപ്പുണ്ട്. ഐ.ടി മേഖലയുടെ അതിദ്രുത വളർച്ച യുവസംരംഭകരിലും സാങ്കേതിക ബിരുദധാരികളിലും പ്രതീക്ഷ പകരുന്നുണ്ട്.

അഞ്ചല്ല അതിന്റെ ഇരട്ടി കാലാവധി ലഭിച്ചാലും പൂർത്തിയാക്കാൻ കഴിയുന്നവയല്ല വിവിധ മേഖലകളിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ. എങ്കിൽ പോലും ആരോഗ്യ - വിദ്യാഭ്യാസ, സാമൂഹ്യ സുരക്ഷാ മേഖലകളിൽ സ്തുത്യർഹമായ മാറ്റങ്ങളും നേട്ടങ്ങളും കൊണ്ടുവരാൻ ഇടതുമുന്നണി സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. വികസനത്തിന്റെ ഗുണഫലങ്ങൾ തുല്യമായി വീതിക്കപ്പെടുമ്പോഴാണ് സർക്കാരിന്റെ സ്ഥാനം ഉയരുന്നത്. ക്ഷേമ പദ്ധതികൾക്കു വിഹിതം നീക്കിവച്ച ശേഷമുള്ളതാണ് വികസന പദ്ധതികൾക്കായി ലഭിക്കുന്നതെന്ന പഴയ ആക്ഷേപം ഇപ്പോഴും നിലനിൽക്കുകയാണ്. ഇത്തരത്തിൽ ലഭിക്കുന്ന തുക പോലും സമയത്തും കാലത്തും ഉപയോഗപ്പെടുത്താൻ കഴിയാത്തതിന്റെ പ്രശ്നവും സംസ്ഥാനം നേരിടേണ്ടിവരുന്നുണ്ട്. സാമ്പത്തിക വർഷം തീരാറായിട്ടും തദ്ദേശ സ്ഥാപനങ്ങൾ പാതി വിഹിതം പോലും ചെലവഴിച്ചിട്ടില്ലെന്ന റിപ്പോർട്ടുകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. വിവിധ പദ്ധതികളിലൂടെ ജനങ്ങളിലെത്തേണ്ട ഗുണഫലങ്ങളാണ് നിഷ്ക്രിയത്വം മൂലം ഇല്ലാതാകുന്നത്. സംസ്ഥാനത്തിന്റെ വാർഷിക പദ്ധതി വിഹിതത്തിന്റെ നല്ലൊരു ഭാഗവും വിനിയോഗിക്കപ്പെടാതെ പോവുകയാണു പതിവ്. സാമ്പത്തിക വർഷത്തിന്റെ അവസാന രണ്ടോ മൂന്നോ മാസത്തിലാണ് എന്തെങ്കിലും നടക്കാറുള്ളത്. ഈ പതിവു രീതികൾക്ക കൂടി മാറ്റം വരുമ്പോഴാണ് സാമ്പത്തിക പുരോഗതിക്ക ഗതിവേഗം കൂട്ടുന്നത്.

അടിസ്ഥാന വികസന മേഖലയിലാണ് സംസ്ഥാനത്തിന്റെ അഭിവൃദ്ധി കുടികൊള്ളുന്നത്. മുടങ്ങിക്കിടന്ന ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം, മലയോര - തീരദേശ പാതകൾ, എൽ.എൻ.ജി ടെർമിനൽ തുടങ്ങിയ വമ്പൻ പദ്ധതികൾ പുനരാരംഭിക്കാൻ സഹായിച്ചത് മുഖ്യമന്ത്രി പിണറായിയുടെ ഉറച്ച നിലപാടുകളാണ്. പുതുതായി വന്ന കണ്ണൂർ എയർപോർട്ടും കൊച്ചി മെട്രോയും അനന്തസാദ്ധ്യതകളാവും തുറന്നിടുക. വ്യവസായ രംഗത്തും പ്രതീക്ഷയേകുന്ന ഒട്ടേറെ പുതിയ സംരംഭങ്ങൾ തൊഴിലന്വേഷകരെ കാത്തിരിപ്പുണ്ട്. ഐ.ടി മേഖലയുടെ അതിദ്രുത വളർച്ച യുവസംരംഭകരിലും സാങ്കേതിക ബിരുദധാരികളിലും പ്രതീക്ഷ പകരുന്നുണ്ട്.

സമൂഹ്യ സുരക്ഷാ പദ്ധതികളാണ് ഏതൊരു സർക്കാരിനെയും വിവിധ വിഭാഗം ജനങ്ങളുമായി കൂട്ടുതൽ അടുപ്പിക്കാറുള്ളത്. ഇടതുമുന്നണി സർക്കാർ ആ നിലയിൽ ജനങ്ങളുടെ നിറഞ്ഞ കൈയടി ഇതിനകം നേടിയെടുത്തുകഴിഞ്ഞു. സമൂഹത്തിന്റെ എല്ലാ തട്ടുകളിലുള്ളവർക്കും സർക്കാരിന്റെ കരസ്പർശം അനുഭവവേദ്യമായിട്ടുണ്ട്.

ഏതൊരു സർക്കാരിന്റെയും പ്രതിച്ഛായ നന്നാക്കുന്നതും മോശമാക്കുന്നതും ആ സർക്കാരിനു വേണ്ടി പണി എടുക്കുന്ന ഉദ്യോഗസ്ഥന്മാരും പൊലീസുമാണെന്നു പറയാറുണ്ട്. അധികാരമേറ്റ ദിവസം തന്നെ ഭരണസിരാകേന്ദ്രത്തിലെ ഉദ്യോഗസ്ഥരെ വിളിച്ചുകൂട്ടി മുഖ്യമന്ത്രി പിണറായി വിജയൻ ഭരണത്തിനു ഗതിവേഗമുണ്ടാകണമെങ്കിൽ എല്ലാ വിഭാഗം ഉദ്യോഗസ്ഥരും ആത്മാർത്ഥമായി തങ്ങളുടെ ചുമതലകൾ നിർവഹിക്കണമെന്ന് ഓർമ്മിപ്പിച്ചിരുന്നു. സർക്കാർ ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയാകും സാധാരണക്കാർ സർക്കാരിന്റെ പ്രവർത്തന മികവിന് മാർക്കിടുന്നത്. മുഖ്യമന്ത്രി ആഗ്രഹിക്കുന്നതുപോലുള്ള ഗതിവേഗം ഭരണത്തിനു കൈവന്നിട്ടില്ലെങ്കിൽ അതിനു കാരണം പഴയ ശീലത്തിൽ നിന്നു പുറത്തുകടക്കാൻ മടികാണിക്കുന്ന ഉദ്യോഗസ്ഥ സംവിധാനം തന്നെയാണ്. ആവശ്യങ്ങളുമായി സർക്കാർ ഓഫീസുകൾ കയറേണ്ടിവരുന്ന സാധാരണക്കാരുടെ അനുഭവങ്ങളിൽ ഇപ്പോഴും വലിയ മാറ്റമൊന്നുമുണ്ടായതായി തോന്നുന്നില്ല. യജമാന - ഭൃത്യ മനോഭാവത്തിലുമുണ്ടായിട്ടില്ല ആശാവഹമായ മാറ്റം. സെക്രട്ടേറിയറ്റിൽത്തന്നെ ഒന്നരലക്ഷത്തിലേറെ ഫയലുകൾ തീർപ്പും കാത്ത് കിടപ്പുണ്ടെന്നറിയുമ്പോൾ മനസിലാകും നീതി തേടി എത്തുന്നവരുടെ ദുരവസ്ഥ. ജനങ്ങൾ ഏറെ അടുത്ത് ബന്ധപെടുന്ന വകുപ്പുകളുടെ സമീപനത്തിലും കാണാം ചില ദുർമുഖങ്ങൾ. സർവീസ് സംഘടനകൾ മനസുവച്ചാൽ എളുപ്പം പരിഹാരം കാണാവുന്ന പ്രശ്നമാണിത്.

അടിസ്ഥാന വികസന മേഖലയിലെ പുരോഗതിയിലാണ് സംസ്ഥാനത്തിന്റെ അഭിവൃദ്ധി കുടികൊള്ളുന്നത്. മുടങ്ങിക്കിടന്ന ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം, മലയോര - തീരദേശ പാതകൾ, എൽ.എൻ.ജി ടെർമിനൽ തുടങ്ങിയ വമ്പൻ പദ്ധതികൾ പുനരാരംഭിക്കാൻ സഹായിച്ചത് മുഖ്യമന്ത്രി പിണറായിയുടെ ഉറച്ച നിലപാടുകളാണ്. പുതുതായി വന്ന കണ്ണൂർ എയർപോർട്ടും കൊച്ചി മെട്രോയും അനന്തസാദ്ധ്യതകളാവും തുറന്നിടുക. വ്യവസായ രംഗത്തും പ്രതീക്ഷയേകുന്ന ഒട്ടേറെ പുതിയ സംരംഭങ്ങൾ തൊഴിലന്വേഷകരെ കാത്തിരിപ്പുണ്ട്. ഐ.ടി മേഖലയുടെ അതിദ്രുത വളർച്ച യുവസംരംഭകരിലും സാങ്കേതിക ബിരുദധ